**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി - 50% പ്രീമിയം തുകയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 25% നൽകുന്നതിന് തീരുമാനിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ) നം.**3019**/2016/തസ്വഭവ　　　　　　　　　　തീയതി, തിരുവനന്തപുരം **04/11/2016**

പരാമർശം :- 1) 20.09.2016-തീയതിയിലെ ബഹു.വനം, മൃഗസംരക്ഷം, ക്ഷീര വികസനം-മൃഗശാല വകുപ്പ് മന്ത്രിയുടെ 1957/M(F,A,D&Z)/2016 നമ്പർ കത്ത്.

2) 27.09.2016-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനം ഇനം നമ്പർ 3.17.

**ഉത്തരവ്**

പരാമർശം (1) ലെ കത്ത് പ്രകാരം, സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും പ്രീമിയത്തിന്റെ 50% നിലവിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുകയും ശേഷിച്ച 50% പ്രീമിയം തുകയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിശ്ചിത ശതമാനം വഹിക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

2. പരാമർശം (2) -ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി ഇക്കാര്യം പരിഗണിക്കുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വഹിച്ചതിനുശേഷം ബാക്കി വരുന്ന 50% പ്രീമിയം തുകയിൽ 25% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കുന്നതിനും 25% ഗുണഭോക്താക്കൾ വഹിക്കുന്നതിനും തീരുമാനിക്കുകയു ണ്ടായി.

3. മേൽ സാഹചര്യത്തിൽ, കന്നുകാലികളെ ഇൻഷ്വർ ചെയ്യുമ്പോൾ കേന്ദ്ര-സംസ്ഥാന സർക്കാരു കൾ വഹിക്കുന്ന 50% തുകയ്ക്കു ശേഷം വരുന്ന 50% തുകയുടെ 25% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 25% ഗുണഭോക്താക്കളും വഹിക്കണമെന്ന് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**എ.കെ.മോഹനകുമാർ**
ഗവ.ജോയിന്റ് സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും/പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർക്കും/പ്രസിഡന്റുമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം .
ഡയറക്ടർ, കൃഷി വകുപ്പ്.
ഡയറക്ടർ, കുടുംബശ്രീ.
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ, തിരുവനന്തപുരം .
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കില, തൃശ്ശൂർ.
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

**പകർപ്പ്**:-തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ.**